എൽ.സി.ഒ / 3845 / 2023 -E(4)

ലേബർ കമ്മീഷണറുടെ കാര്യാലയം,
തൊഴിൽ ഭവൻ, വികാസ് ഭവൻ.പി.ഒ
തിരുവനന്തപുരം – 695033
തീയതി : 04-07-2025

ഫോൺ : 0471 – 2783920
Email : lcofficeesection@gmail.com

## സർക്കുലർ നമ്പർ 11/2025

വിഷയം :- തൊഴിൽ വകുപ്പ് - എൻടി കേഡറുകളിൽ നിരീക്ഷണ കാലയളവ് പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുന്നതിന് മലയാള ഭാഷാ യോഗ്യത നേടിയിരിക്കണമെന്നത് - നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.

വായന :- സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 10/2022/പി & എ.ആർ.ഡി, തീയതി 14.08.2022.

എൻടി കേഡറുകളിൽ സർവീസിൽ പ്രവേശിച്ച പ്രൊബേഷണറായ ജീവനക്കാർ, കേരളാ സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ്, 1958 ചട്ടം 10(aaaa) യുടെ പരിധിയിൽ വരാത്തതും, പത്താം തരം വരെ മലയാളം ഒരു ഭാഷയായി പഠിച്ചിട്ടില്ലാത്തതും, അല്ലെങ്കിൽ പ്ലസ് ടു തലത്തിലോ ഡിഗ്രി തലത്തിലോ മലയാളം ഒരു വിഷയമായി പഠിച്ചിട്ടില്ലാത്തവരുമാണെങ്കിൽ, പ്രസ്തുത ജീവനക്കാർ പ്രൊബേഷൻ കാലാവധിക്കുള്ളിൽ മലയാളം മിഷന്റെ സീനിയർ ഹയർ ഡിപ്ലോമ പരീക്ഷയ്ക്ക് തുല്യമായതും കേരള പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്നതുമായ മലയാളം ഭാഷാ പരീക്ഷ 40% ൽ കുറയാത്ത മാർക്കോടുകൂടി വിജയിച്ചിരിക്കേണ്ടതാണെന്ന് വായന ഉത്തരവ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, ടി ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം, തൊഴിൽ വകുപ്പിലെ എൻടി കേഡറുകളിലെ പ്രൊബേഷണറായിട്ടുള്ള എല്ലാ ജീവനക്കാരും (ക്ലാസ് IV ജീവനക്കാർ, മലയാളം മിഷന്റെ സീനിയർ ഹയർ ഡിപ്ലോമ പരീക്ഷ ഇതിനകം വിജയിച്ചിട്ടുള്ളവർ എന്നിവരൊഴികെ) അവരുടെ നിരീക്ഷണ കാലയളവ് പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുന്നതിനു വേണ്ടി സമർപ്പിക്കുന്ന അപേക്ഷൾ, പത്താം തരം വരെ മലയാളം ഒരു ഭാഷയായി പഠിക്കുകയോ അല്ലെങ്കിൽ പ്ലസ് ടു തലത്തിലോ ഡിഗ്രി തലത്തിലോ മലയാളം ഒരു വിഷയമായി പഠിക്കുകയോ ചെയ്തിട്ടുള്ളത് സംബന്ധിച്ച രേഖകൾ സഹിതം, ബന്ധപ്പെട്ട ഓഫീസ് മേലധികാരിയുടെ സാക്ഷ്യപത്രത്തോടുകൂടി, സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം പത്താം തരം / പ്ലസ് ടു / ഡിഗ്രി തലത്തിൽ മലയാളം ഭാഷയായി / വിഷയമായി പഠിച്ചിട്ടില്ലാത്ത ജീവനക്കാർ പ്രൊബേഷൻ കാലാവധിക്കുള്ളിൽ മലയാളം മിഷന്റെ സീനിയർ ഹയർ ഡിപ്ലോമ പരീക്ഷയ്ക്ക് തുല്യമായതും കേരള പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്നതുമായ മലയാളം ഭാഷാ പരീക്ഷ 40% ൽ കുറയാത്ത മാർക്കോടുകൂടി വിജയിച്ചതിന്റെ സർട്ടിഫിക്കറ്റ് നിരീക്ഷണ കാലയളവ് പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുന്നതിനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

മേൽ നിർദ്ദേശം കർശനമായി പാലിക്കപ്പെടുന്നുണ്ടെന്ന് ബന്ധപ്പെട്ട നിയന്ത്രണാധികാരികൾ ഉറപ്പുവരുത്തേണ്ടതാണ്.

Safna Nazarudeen

LABOUR COMMISSIONER

എല്ലാ ജീവനക്കാർക്കും

(വെബ് സൈറ്റ് മുഖേന)

പകർപ്പ് –

1. അഡീഷണൽ ലേബർ കമ്മീഷണർ (ഇ / ഐ.ആർ / ഡബ്ല്യൂ)
2. റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ, കൊല്ലം / എറണാകുളം / കോഴിക്കോട്
3. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫിസർ
4. ജോയിന്റ് ലേബർ കമ്മീഷണർ (പി)
5. ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻ
7. എല്ലാ ജില്ലാ ലേബർ ഓഫീസർമാർക്കും
8. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
9. ഫയൽ/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം,

സീനിയർ സൂപ്രണ്ട് (ഇ)